(എ) യു.ജി.സി. സ്കീം കേരളത്തിൽ നടപ്പാക്കിയ രീതിയിൽ പ്രതിഷേധിച്ച് അദ്ധ്യാപകർ അടുത്ത കാലത്ത് ക്ലാസ്സുകൾ ബഹിഷ്കരിക്കുകയും ഉണ്ടായോ ;

(ബി) ഇതു സംബന്ധിച്ച് അദ്ധ്യാപകരുമായി ചർച്ച നടത്തുകയുണ്ടായോ ;

(സി) യു.ജി.സി. സ്കീം നടപ്പാക്കിയതിൽ അദ്ധ്യാപകർ ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശമുണ്ടോ ;

(ഡി) ശനിയാഴ്ച ക്ലാസ്സുകൾ ബഹിഷ്ക്കരിച്ച അദ്ധ്യാപകർക്ക് ഡൈസ്നോൺ ബാധകമാക്കിയിട്ടുണ്ടോ ;

(ഇ) യു.ജി.സി. സ്കീമിലെ വ്യവസ്ഥയനുസരിച്ച് പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) പരീക്ഷകൾ അടുത്തിരിക്കുന്നത് പരിഗണിച്ച് വിദ്യാഭ്യാസ രംഗത്ത് പണിമുടക്കുകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ശനിയാഴ്ച പ്രവർത്തി ദിവസമാക്കിയതിനെതിരായി ഒരു വിഭാഗം അദ്ധ്യാപകർ ശനിയാഴ്ച ക്ലാസ്സുകളിൽ ഹാജരാകാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനൗപചാരികമായി ചർച്ച നടത്തിയിട്ടുണ്ട്.

(സി) ലഭിച്ച പരാതികൾ പരിശോധിച്ചു വരുന്നു.

(ഡി) പ്രവർത്തി ദിവസങ്ങളായ ശനിയാഴ്ച ദിവസങ്ങളിൽ ഹാജരാകാതിരുന്ന അദ്ധ്യാപകരുടെ ആ ദിവസങ്ങളിലെ ശമ്പളം ഇനിയൊരുത്തരവുണ്ടാകുന്നത് വരെ തടഞ്ഞുവയ്ക്കാൻ നിർദ്ദേശം കൊടുത്തിരുന്നു. എന്നാൽ 2-3-2000ലെ ജി.ഒ.(പി) നമ്പർ 28/2000/ഉവിവ.പ്രകാരം താല്ക്കാലികമായി ഈ ശമ്പളം വിതരണം ചെയ്യുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്.

(ഇ) ഇപ്പോൾ ഉദ്ദേശമില്ല.

(എഫ്) അനാവശ്യ പണിമുടക്കുകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മൈത്രിഭവന നിർമ്മാണ പദ്ധതി

22 (*412) ശ്രീ. കെ. ബാബു :
ശ്രീ. വി. ബാലറാം :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) മൈത്രി പദ്ധതിപ്രകാരം പലിശ സബ്സിഡിയിനത്തിൽ ഇതുവരെ സർക്കാർ ഹൗസിംഗ് ബോർഡിന് എത്ര രൂപ അനുവദിച്ചു ;

(ബി) ഇതിനായി എത്ര രൂപയുടെ അപേക്ഷകളാണ് ബോർഡ് സർക്കാരിന് സമർപ്പിച്ചത് ;

(സി) മൈത്രി പദ്ധതികളിൽ നൂറുശതമാനം കെട്ടിടപരിശോധന വേണമെന്ന നിബന്ധനയിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എന്ത് കാരണമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിനായി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന തുക പൂർണ്ണമായി വീട്നിർമ്മാണത്തിന് വിനിയോഗിക്കണമെന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ ബോർഡ് സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) മൈത്രി പദ്ധതിപ്രകാരം ക്യാപ്പിറ്റൽ സബ്സിഡിയും പലിശ സബ്സിഡിയും ഉൾപ്പെടെ സർക്കാർ ഹൗസിംഗ് ബോർഡിന് 106 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പലിശ സബ്സിഡിയും ക്യാപ്പിറ്റൽ സബ്സിഡിയും ഉൾപ്പെടെ 473.13 കോടി രൂപയുടെ അപേക്ഷ ബോർഡ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(സി) മൈത്രി പദ്ധതികളിൽ നൂറുശതമാനം കെട്ടിടപരിശോധനവേണം എന്ന നിബന്ധനയിൽ ഇളവനുവദിച്ചിട്ടില്ല.

(ഡി) ഗുണഭോക്താവ് തുക പൂർണ്ണമായി വീടുനിർമ്മാണത്തിന് തന്നെയാണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പു വരുത്തുന്നതിന് മൂന്ന് ഗഡുക്കളായി സ്റ്റേറ്റ് സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിലാണ് തുക നല്കുന്നത്.

ചെമ്മീൻ ഉല്പാദനം

23 (*413) ശ്രീ. പി. ജെ. ഫ്രാൻസിസ്:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ജെ. പൗലോസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ചെമ്മീൻ വിളവ് വർദ്ധിപ്പിക്കുന്നതിന് ചെമ്മീൻ വിത്തുകൾ കടലിൽ വിതറിയിട്ടുണ്ടോ ;

(ബി) എങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) അതിനുവേണ്ടി എത്ര ടൺ ചെമ്മീൻ വിത്തുകൾ വാങ്ങിച്ചിട്ടുണ്ട് ;

(ഡി) ആരിൽ നിന്നെല്ലാമാണ് വാങ്ങിയത് ; ഈ ഇനത്തിൽ എന്ത് ചെലവ് വന്നു ;

(ഇ) ചെമ്മീൻ വിത്തുകൾ വലുതാകുമ്പോൾ അവയ്ക്ക് തിന്നുന്നതിനായി ചെമ്മീൻ തീറ്റ കടലിൽ വിതറിയിട്ടുണ്ടോയെന്നറിയിക്കുമോ ; എങ്കിൽ എത്ര പ്രാവശ്യം ; എത്ര ടൺ വിതറിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly